1996-97	45,39,369 രൂപ
1997-98	1,31,79,496 രൂപ
1998-99	1,34,98,363 രൂപ
1999-2000	1,90,24,040 രൂപ
2000-2001	കണക്ക് തയ്യാറാക്കി വരുന്നു

(ബി) താഴെപ്പറയും വിധമാണ് ഏജൻസികൾ വഴി പരസ്യം നൽകിയത്.

ഏരീസ്	1,06,51,127 രൂപ
ക്രിസലീസ്	1,00,25,873 രൂപ
റാങ്ക്	63,05,343 രൂപ
എക്കോ	36,35,158 രൂപ
മീഡിയമേറ്റ്	16,11,036 രൂപ
ഡാഫോഡിൽസ്	1,86,083 രൂപ
ഗ്ലോബൽവില്ലേജ്	1,89,325 രൂപ

നേരിട്ടും പരസ്യം നൽകിയിട്ടുണ്ട്.

(സി) ബോർഡ് പരസ്യഏജൻസികളെ ക്ഷണിച്ചശേഷം അവരുടെ പ്രസന്റേഷന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന ഏജൻസികളെ ചേർത്ത് ഒരു പാനലുണ്ടാക്കുന്നു. ഇങ്ങനെ എംപാനൽ ചെയ്യുന്ന ഏജൻസികൾ മുഖാന്തിരം പരസ്യം നൽകുന്നു. 1992, 1996, 2000 എന്നീ വർഷങ്ങളിലാണ് പരസ്യ ഏജൻസികൾ ബോർഡിൽ പ്രസന്റേഷൻ നടത്തിയിട്ടുള്ളത്.

നെടുമങ്ങാട് ഇലക്ട്രിക്കൽ മേജർ സെക്ഷൻ ഓഫീസിന്റെ ശോച്യാവസ്ഥ

131 (356) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് ഇലക്ട്രിക്കൽ മേജർ സെക്ഷൻ ഓഫീസ് കെട്ടിടത്തിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ മേജർ സെക്ഷന്റെ കീഴിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റിനുവേണ്ടി നാഗച്ചേരി പയംചേരി, പനയമുട്ടം ഉളിയൂർ, മൊട്ടക്കാവ്, കരിക്കുഴി, നെല്ലിക്കുന്ന്, ആറാംവള്ളി പരിക്കാപ്പാറ എന്നീ പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി എന്തു തുകയ്ക്കുള്ള എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഈ വർക്കുകൾ ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പുതിയ കെട്ടിടം നിർമ്മിക്കുന്നതിലേക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റിന് അനുമതി നൽകുന്ന കാര്യം ബോർഡിന്റെ പരിഗണനയിലാണ്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ആറാംവള്ളി വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്ക് കഴിഞ്ഞ നവംബറിൽ പൂർത്തിയായിട്ട് കരിക്കുഴി, നെല്ലിക്കുന്ന്, പരിക്കാപ്പാറ എന്നീ വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്കുകൾ 31-3-2001-ന് മുമ്പായി ചെയ്തു തീർക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. മറ്റു ജോലികൾ സാധനസാമഗ്രികളുടെ ലഭ്യത അനുസരിച്ച് മുൻഗണനാ ക്രമത്തിൽ ചെയ്തു തീർക്കുന്നതാണ്.

വെട്ടൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം

132 (357) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല നിയോജകമണ്ഡലത്തിലെ വെട്ടൂർ പഞ്ചായത്ത് കേന്ദ്രമാക്കിയുള്ള ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) പാലച്ചിറ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് മേജർ സെക്ഷനായി ഉയർത്തുന്ന കാര്യം പരിഗണനയിൽ ഉണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ ;

(ഡി) വർക്കലയിൽ പണി നടന്നുവരുന്ന 66 കെ. വി. ലൈൻ 110 കെ. വി. ലൈൻ ആക്കുന്ന പണിയ്ക്ക് എന്തു തുക വേണ്ടി വരും ;

(ഇ) പ്രസ്തുത ജോലി ഇപ്പോൾ ഏതു ഘട്ടത്തിൽ ആണ് ; എന്ന് പണി പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) പുതിയ ഓഫീസുകൾ തുടങ്ങുന്ന സമയത്ത് പരിശോധിക്കുന്നതാണ്.

(ഡി) വർക്കല സബ്സ്റ്റേഷനും അനുബന്ധ 66 കെ.വി. ലൈൻ 110 കെ. വി. ലൈനായി ഉയർത്തുന്നതിനും ഉള്ള പണിക്ക് 4,46,00,000 രൂപയോളം ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഇ) ഈ ജോലി 14-7-01-ന് മുമ്പ് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അങ്കമാലിയിലെ 'ടെൽക്ക്' എന്ന സ്ഥാപനത്തിനാണ് ഈ ജോലി നൽകിയിരിക്കുന്നത്. പണി പുരോഗമിച്ചുവരുന്നു. ഈ ജോലിയുടെ രണ്ട് ലൊക്കേഷനിലെ പണി കോടതിയുടെ സ്റ്റേ ഉത്തരവ് മൂലം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly